## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6261** 03.04.2018 -ലെ മറുപടിക്ക്

**പട്ടികജാതി പിന്നോക്ക വിഭാഗങ്ങൾക്ക് നല്കിവരുന്ന ക്ഷേമപദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ** | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| പട്ടികജാതി വികസന കോർപ്പറേഷൻ വഴിയും പിന്നോക്ക വിഭാഗ കോർപ്പറേഷൻ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ പേരിൽ എത്തിക്കുന്നതിനും വിവിധ പദ്ധതികളുടെ നടപടിക്രമം ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | 1972-ൽ രൂപീകൃതമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സേവനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ജനസംഖ്യയുടെ ഏകദേശം 5% വരുന്ന 1,80,000 ഗുണഭോക്താക്കൾ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ഈ സാഹചര്യത്തിൽ കോർപ്പറേഷന്റെ പദ്ധതികളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന് ഈ വർഷം 'ഒപ്പം' എന്ന ബോധവത്ക്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. കോർപ്പറേഷന്റെ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളും മുമ്പ് കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിച്ച ഗുണഭോക്താക്കളുടെ വിജയകഥകളും ഉൾപ്പെടുത്തിയ വീഡിയോ അവതരണവും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018 ഏപ്രിൽ മാസം മുതൽ ജനപ്രതിനിധികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, കുടുംബശ്രീ പ്രവർത്തകർ പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും/ ബ്ലോക്ക് തലത്തിലും, പഞ്ചായത്ത് തലത്തിലും പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിനുള്ള ജ്യാമ്യവ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് ഈ വർഷം പുതുതായി കുടുംബശ്രീയുമായി ചേർന്ന് കോർപ്പറേഷന്റെ |

| | | | |
|---|---|---|---|
| | | | ചരിത്രത്തിൽ ആദ്യമായി വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. എന്നാൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) തുടങ്ങിയ ദേശീയ ഏജൻസികളുടെ വ്യവസ്ഥകൾക്കനുസരിച്ച് വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് മാത്രമായി കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ